## പാർപ്പിട മേഖല

ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും ഏറ്റവും കൂടുതൽ തുക ചെലവഴിക്കുന്ന മേഖലയാണ് പാർപ്പിട മേഖല. സ്വന്തമായൊരു വീട് എന്ന സാധാരണക്കാരന്റെ സ്വപ്നം യാഥാർത്ഥ്യമാക്കാൻ ആവശ്യമായ എല്ലാ പിന്തുണയും പഞ്ചായത്ത് നൽകി വരുന്നുണ്ട്. നിലവിൽ പ്രാബല്യത്തിലുള്ള ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ ആളുകൾക്കും കരാറിൽ ഏർപ്പെടാൻ കഴിഞ്ഞ ഭരണ സമിതിയുടെ കാലത്ത് തന്നെ അവസരം നൽകിയിരുന്നു. ഇവരുടെ വീട് നിർമാണം പൂർത്തിയാക്കുന്നതിനുള്ള തുക നിലവിൽ വകയിരുത്തിയിട്ടുണ്ട്. ഈ വർഷം ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി കൂടി ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന പി.എം.എ.വൈ പദ്ധതിയിൽ പഞ്ചായത്തിന് അനുവദിക്കുന്ന ഗുണഭോക്താക്കൾക്കുള്ള പഞ്ചായത്ത് വിഹിതം നൽകുന്നതിനുള്ള പദ്ധതിയും ഏറ്റെടുക്കുന്നതാണ്.

നിലവിലെ സാഹചര്യത്തിൽ ലൈഫ് , പി.എം.വൈ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് മാത്രമേ വീട് നൽകാൻ കഴിയു എന്നതിനാൽ പുതുതായി ആവശ്യപ്പെടുന്ന കുടുംബങ്ങൾക്ക് വീട് നൽകാൻ കഴിയാത്ത സാഹചര്യം വലിയൊരു പോരായമായാണ്. അവസാനമായി 2020 കാലത്താണ് പുതിയ വീട് നിർമാണത്തിന് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്. ആയതിനാൽ പുതുതായി വീട് നിർമാണത്തിന് അപേക്ഷ സ്വീകരിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുകയും അനുമതി ലഭിക്കുന്ന മുറക്ക് അപേക്ഷ ക്ഷണിച്ചു പുതിയ ആളുകൾക്ക് കൂടിയുള്ള വീട് നിർമാണ പദ്ധതി ഏറ്റെടുക്കും. വീട് നിർമ്മാണത്തിന് പുറമെ വാസ യോഗ്യമല്ലാത്ത വീടുകൾ വാസ യോഗ്യമാക്കുന്നതിനുള്ള പദ്ധതിയും ഏറ്റെടുക്കുന്നതാണ്.

## കാർഷികമേഖല

ഭക്ഷ്യ സ്വയം പര്യാപ്തത ലക്ഷ്യം വെക്കുന്ന രീതിയിൽ പഞ്ചായത്തിലെ കാർഷിക മേഖലയെ ഉയർത്തിക്കൊണ്ട് വരിക എന്ന വലിയ സ്വപ്നമാണ് ഭരണ സമിതിക്കുള്ളത്. ഇതിനായി തരിശ് രഹിത പഞ്ചായത്ത് എന്ന തലത്തിലേക്ക് നമ്മുടെ പഞ്ചായത്തിനെ മാറ്റുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നു. കാർഷിക മേഖലക്കായി മാറ്റി വെക്കുന്ന തുകയിൽ മുന്തിയ പരിഗണന നെൽ കൃഷിക്കാണ് നൽകി വരുന്നത്. ഇത് തുടരുന്നതോടൊപ്പം തെങ്ങ് , വാഴ , പച്ചക്കറി കൃഷികളെ പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ കൂടി ഏറ്റെടുക്കും. മാവ് ഗ്രാമം പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തും. കൂടാതെ ഇന്ത്യയുടെ കറുത്ത പൊന്ന് എന്നറിയപ്പെടുന്ന കുരുമുളക് കൃഷി പഞ്ചായത്തിൽ വ്യാപിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതിയും ഈ വർഷത്തിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. മാതൃക പരമായ രീതിയിൽ കഴിഞ്ഞ വർഷങ്ങളിൽ നടത്തിയ പുഷ്പ കൃഷിക്ക് വേണ്ട പദ്ധതികളും ഏറ്റെടുക്കും.

ഇന്ന് കാർഷിക മേഖല നേരിടുന്ന  വലിയ വെല്ലു വിളിയാണ് കൃഷി നാശം വരുത്തുന്ന വന്യ ജീവികളുടെ സാനിദ്ധ്യം . ഇവയെ തുരത്തുന്നത്തിനായി ഷൂട്ടർമാരെ  നിയോഗിച്ച് കൊന്നൊടുക്കുന്നതിനുള്ള പദ്ധതി നിലവിൽ ഉണ്ട്. ഇത് തുടരുന്നതോടൊപ്പം കാർഷിക മേഖലക്ക് വളരെ ഗുണ പ്രതീക്ഷിക്കുന്ന **സോളാർ ഇലക്ട്രിക് ഫെൻസിങ് നടത്തുന്നതിനായി പ്രത്യേക പദ്ധതി ഏറ്റെടുക്കുന്നതാണ്**

## പട്ടികജാതി ക്ഷേമം

പട്ടികജാതി വിഭാഗത്തിനുള്ള വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണന നൽകുന്ന ചരിത്രമുള്ള പഞ്ചായത്താണ് തിരുവേഗപ്പുറ. ഈ മേഖലയിൽ ഇത്തരത്തിലുള്ള ഒട്ടനവധി പദ്ദതികൾ ഈ വർഷവും ഏറ്റെടുക്കുന്നുണ്ട്. ലൈഫ്,പി.എം.എ.വൈ ലിസ്റ്റിൽ ഉള്ളവർക്ക് വീട് നിർമ്മിക്കുന്നതിന് പ്രത്യേക പദ്ധതികൾ ഏറ്റെടുക്കുന്നതാണ്. കൂടാതെ വീട് വാസയോഗ്യമാക്കുന്നതിനും തുക വകയിരുത്തുന്നതാണ്. കുടിവെള്ള സംഭരണത്തിനായി പരമാവധി വീടുകളിലേക്ക് വാട്ടർ ടാങ്കുകൾ നൽകുന്നതിന് പദ്ധതി ഏറ്റെടുക്കുന്നതാണ്. കൂടാതെ പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ മുന്നേറ്റം ലക്ഷ്യം വെച്ച് കുട്ടികൾക്ക് ലാപ്ടോപ് വിതരണം ചെയ്യുന്നതോടൊപ്പം മേശ,കസേര എന്നിവ കൂടി നൽകുന്നതിനുള്ള പദ്ധതി ഈ വർഷം ഏറ്റെടുക്കുന്നതാണ്. വിവാഹ ധനസഹായം നൽകുന്നതിനും, വൃദ്ധരായ വയോജനങ്ങൾക്ക് കട്ടിൽ നൽകുന്നതിനും തുക വകയിരുത്തുന്നതാണ്.

തൊഴിലുറപ്പ് പദ്ധതി, കൃഷി ഭവൻ എന്നിവയുമായി സംയോജിപ്പിച്ച് കാർഷിക മേഖലയിൽ പട്ടികജാതി വിഭാഗത്തിന് പ്രത്യേകമായി പദ്ധതികൾ രൂപീകരിക്കുന്നതാണ്. പട്ടികജാതി കുടുംബങ്ങളിലെ വനിതകളുടെ ഉന്നമനത്തിനു സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ പദ്ധതി ആവിഷക്കരിക്കും സന്നദ്ധമായവർക്ക് സബ്സിഡി നൽകുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതാണ്. കൂടാതെ പട്ടികജാതി കുടുംബങ്ങൾ ഒന്നിച്ചു താമസിക്കുന്ന നഗറുകളിലെ റോഡ് സൗകര്യം ഉൾപ്പെടയുള്ള പശ്ചാത്തല സൗകര്യ വികസനത്തിന് വ്യത്യസ്ത സ്രോതസുകളിൽ നിന്നും പദ്ധതികൾ കണ്ടെത്തുകയും മുഴുവൻ പട്ടികജാതി വീടുകളിലേക്കും വാഹനങ്ങൾ എത്തുന്ന രീതിയിൽ സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുന്നതാണ്. കൂടാതെ പട്ടികജാതി നഗറുകൾക്ക് മാത്രം പ്രത്യേകമായി തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും ഏറ്റെടുക്കുന്നതാണ്.

## മൃഗസംരക്ഷണം ക്ഷീര വികസനം

പശു വളർത്തൽ, മുട്ടക്കോഴി തുടങ്ങി മൃഗസംരക്ഷണ മേഖലയിൽ ഉപജീവനം നടത്തുന്ന നിരവധിയാളുകൾ ഉള്ള പ്രദേശമാണ് നമ്മുടേത്. ഇവർക്ക് ആവശ്യമായ പിന്തുണയും പ്രോത്സാഹനവും നൽകുന്നതിനുള്ള പദ്ധതികളാണ് ഈ മേഖലയിൽ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

- മുട്ടഗ്രാമം പദ്ധതി കൂടുതൽ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന വിധത്തിൽ നടപ്പിലാക്കും
- ക്ഷീര കർഷകർക്ക് കാലിത്തീറ്റ, പാലിന് സബ്സിഡി എന്നിവ ലഭ്യമാക്കും
- വെറ്റിനറി ഡിസ്പെൻസറിയിലേക്ക് ആവശ്യമായ മരുന്ന് ലഭ്യത വർധിപ്പിക്കും

## ആരോഗ്യ മേഖല

ആരോഗ്യ മേഖലയിൽ പശ്ചാത്തല സൗകര്യ വികസനത്തിന് ഇത്തവണ മുൻഗണന നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്. നിലവിൽ നൽകി വരുന്ന സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കും. ആരോഗ്യ കേന്ദ്രങ്ങളിലെ മരുന്നിന് വേണ്ടി നാമ മാത്രമായ തുകയാണ് സർക്കാരിൽ നിന്നും ലഭ്യമാവുന്നത്. എല്ലാ വർഷവും പഞ്ചായത്ത് വകയിരുത്തുന്ന തുകയിൽ നിന്നാണ് ഇവിടിങ്ങളിലെ മരുന്ന് ലഭ്യത ഉറപ്പാക്കുന്നത്. മരുന്നുകളുടെ ലഭ്യതക്കായി കൂടുതൽ തുക വകയിരുത്തുവാൻ ഉദ്ദേശിക്കുന്നു.

- ആയുർവ്വേദ ഡിസ്പെൻസറി, പി.എച്ച്.സി എന്നിവയുടെ നവീകരണത്തിന് പദ്ധതി ഏറ്റെടുക്കും
- എല്ലാ ദിവസവും രാവിലെയും ഉച്ചക്ക് ശേഷവും പി.എച്ച്.സിയിൽ ഡോക്ടറുടെ സേവനം തുടരുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കും
- പി.എച്ച്.സി, ആയുർവ്വേദ ഡിസ്പെൻസറി ഹോമിയോ ഡിസ്പെൻസറി എന്നിവിടങ്ങളിലെ മരുന്ന് ലഭ്യത വർധിപ്പിക്കും

## സാന്ത്വനം പാലിയേറ്റീവിന് പുതിയ യൂണിറ്റ്

- പാലിയേറ്റീവിന് അധികമായി ഒരു യൂണിറ്റ് കൂടി ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കും
- പാലിയേറ്റീവ് കുടുംബ സംഗമം സ്നേഹസ്പർശം കൂടുതൽ വിപുലമായി സംഘടിപ്പിക്കും.
- കിഡ്നി, ക്യാൻസർ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കും. ഡയാലിസിസിന് വിധേയരാകുന്ന കിഡ്നി രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിനുള്ള ധനസഹായം ലഭ്യമാക്കും.

## വനിത ക്ഷേമം

വനിതകളുടെ ഉന്നമനത്തിനുള്ള പദ്ധതികൾ വനിതാ ശാക്തീകരണ പരിപാടികൾ എന്നിവയ്ക്ക് മുന്തിയ പരിഗണന നൽകുന്നതിന് ലക്ഷ്യമിടുന്നു.

- യോഗ പരിശീലനം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കും
- വനിത ഘടക പദ്ധതികളുടെ കാര്യക്ഷമമായ നിർവ്വഹണത്തിനും ഏകോപനത്തിനും, ജാഗ്രത സമിതി, ജി.ആർ.സി പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനുമായി കമ്മ്യൂണിറ്റി വിമൺ ഫെസിലിറ്റേറ്ററെ നിയമിക്കും
- ഗർഭിണികൾക്ക് ആവശ്യമായ പ്രസവരക്ഷ മരുന്നുകൾ ഉൾപ്പെടുന്ന കിറ്റ് ലഭ്യമാക്കുന്നതിനുള്ള പ്രസൂതി പ്രസവരക്ഷ പദ്ധതി തുടരും
- ഗ്രീൻകപ്പ് എന്ന പേരിൽ പഞ്ചായത്ത് നടപ്പിലാക്കുന്ന മെൻസ്ട്രൽ കപ്പ് കൂടുതൽ പേർക്ക് ലഭ്യമാക്കും
- വ്യവസായ സംരഭങ്ങൾ തുടങ്ങാൻ താൽപ്പര്യമുള്ള വനിതകളെ കണ്ടെത്തി ഇവർക്കാവശ്യമായ ധനസഹായം ഉൾപ്പെടെയുള്ള എല്ലാ പിന്തുണകളും നൽകും.
- പട്ടികജാതി വനിതകൾക്കുള്ള വിവാഹ ധനസഹായം ലഭ്യമാക്കും.
- ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കുട്ടികൾക്കും കൗമാരക്കാരായ പെൺകുട്ടികൾക്കും ഗ്രാമപഞ്ചായത്ത് പദ്ധതി വഴി അംഗൻവാടികളിലൂടെ വിതരണം ചെയ്യുന്ന പോഷകാഹാര പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കും
- വനിതകൾക്ക് പ്രീമാര്യേജ് & പോസ്റ്റ് മാര്യേജ് കൗൺസിലിംഗ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും
- ജാഗ്രത സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കും
- കുടുംബശ്രീയെ കൂടുതൽ ശാക്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും

## വനിതകൾക്ക് മാത്രമായി ഹെൽത്ത് & ഫിറ്റ്നെസ്സ് സെന്റർ ആരംഭിക്കും

- ജീവിതശൈലി രോഗങ്ങൾ വർധിച്ച് വരുന്ന നിലവിലെ സാഹചര്യത്തിൽ ആയത് നിയന്ത്രിക്കുന്നതിനുള്ള വ്യയാമം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നമ്മുടെ പ്രദേശങ്ങളിലെ വനിതകൾക്ക് ആവശ്യമായ സൗകര്യങ്ങളും സംവിധാനങ്ങളും വളരെ കുറവാണ്. ആയതിന് ഒരു പരിഹാരമെന്നോണം ജീവിതശൈലി രോഗങ്ങൾക്കുള്ള പ്രതിരോധമായു വനിതകൾക്ക് മാത്രമായി ഹെൽത്ത് & ഫിറ്റ്നെസ്സ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കും.

## തെറാപ്പി സെന്റർ ആരംഭിക്കുന്നു.

ഭിന്നശേഷി വിഭാഗത്തിൽ പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപ്പിടിച്ചുയർത്തുന്നതിനുള്ള പിന്തുണയും സഹായവും നൽകുന്ന നിരവധി പദ്ധതികൾ പഞ്ചായത്ത് നടപ്പിലാക്കി വരുന്നുണ്ട്. ഭിന്നശേഷി ക്ഷേമ പ്രവർത്തനങ്ങളിൽ ഈ ഭരണ സമിതിയുടേതായി പുതിയൊരു കാൽവെപ്പ് കൂടി നടത്തുവാൻ ഉദ്ദേശിക്കുന്നു.

**ഭിന്നശേഷിക്കാർക്കും പാലിയേറ്റീവ് രോഗികൾക്കും ഒരു പോലെ ഉപയോഗപ്പെടുന്ന തെറാപ്പി സെന്റർ ഈ വർഷം ആരംഭിക്കും.** ഇതോടൊപ്പം സാധാരണ നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികൾക്ക് കൂടുതൽ തുക വകയിരുത്തും

- ഭിന്നശേഷി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കി വരുന്ന സ്കോളർഷിപ്പ് കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കും
- ഭിന്നശേഷിക്കാരുടെ കലാ പരമായി കഴിവിന് പ്രോത്സാഹനം നൽകുന്നതിനുള്ള ഒപ്പം ഭിന്നശേഷി കലാമേള കൂടുതൽ മികവോടെ വർണ്ണാഭമായി നടപ്പിലാക്കും

## ക്ലീൻ തിരുവേഗപ്പുറ സമ്പൂർണ്ണ മാലിന്യ മുക്ത പദ്ധതി – സ്വന്തമായ എം.സി.എഫ് കെട്ടിടം യാഥാർത്ഥ്യമക്കും

മാലിന്യ സംസ്ക്കരണ രംഗത്ത് വലിയ മുന്നേറ്റം നടത്തിയ ക്ലീൻ തിരുവേഗപ്പുറ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന എം.സി.എഫ് ന് സ്വന്തമായി സ്ഥലം കണ്ടെത്തി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇതിന്റെ പ്രാരംഭ ഘട്ട പ്രവർത്തികൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഹരിത കർമ്മസേനക്ക് സ്വന്തമായി വാഹനം വാങ്ങുന്നതിനുള്ള പദ്ധതിയും ഈ വർഷത്തോടെ നടപ്പിലാക്കും

## വിദ്യാഭ്യാസ മേഖല

എജ്യുവേഗ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ തുടർന്നും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

- വേ ടു പബ്ലിക്ക് സെക്ടർ എന്ന പേരിൽ പഞ്ചായത്ത് നടപ്പിലാക്കി വരുന്ന പി.എസ്.സി, യു.പി.എസ്.സി , പൊതുമേഖല രംഗത്തേക്കുള്ള മത്സര പരീക്ഷകൾക്ക് ആവശ്യമായ പരിശീലനവും പിന്തുണയും നൽകുന്നതിനുള്ള പദ്ധതി തുടർന്ന് കൊണ്ട് പോകും
- എൽ.എസ്.എസ്, യു.എസ്.എസ്.എസ് പരീക്ഷകൾക്കുള്ള പരിശീലനം, ഓറിയന്റേഷൻ ക്ലാസുകൾ, മോഡൽ എക്സാമുകൾ, പഠന സഹായികൾ എന്നിവ ലഭ്യമാക്കും
- ജി.യു.പി.എസ് നരിപ്പറമ്പിൽ നിർമ്മാണത്തിലിരിക്കുന്ന ഇൻഡോർ സ്റ്റേഡിയം നിർമ്മാണം പൂർത്തീകരിക്കും
- ജി.യു,പി.എസ് നരിപ്പറമ്പിലെ ഭൗതിക സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾ നിർവ്വഹിക്കും

## പുതിയ രണ്ട് അങ്കണവാടികൾക്ക് കൂടി കെട്ടിടം നിർമ്മിക്കുന്നു

അങ്കണവാടികളുടെ വികസനകാര്യത്തിൽ പ്രത്യേക മുൻഗണനയും താൽപ്പര്യവുമെടുത്ത ഭരണ സമിതികളാണ് കഴിഞ്ഞ കാലങ്ങളിൽ പഞ്ചായത്തിൽ ഉണ്ടായിട്ടുള്ളത്. പുതിയ അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം, സ്മാർട് അങ്കണവാടി നിലവാരത്തിലേക്ക് അങ്കണവാടികളെ ഉയർത്തിക്കൊണ്ടു വരൽ തുടങ്ങി ഈ മേഖലയിൽ സമഗ്രമായ മുന്നേറ്റം കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. ഈ മാതൃക തുടർന്ന് കൊണ്ട് പോകുന്നതിനാണ് ഈ ഭരണ സമിതിയും ഉദ്ദേശിക്കുന്നത്. ഈ വർഷം ചോലക്കാവ് അങ്കണവാടി, പൊറ്റേക്കാട്ട്തൊടി അങ്കണവാടി എന്നിവക്ക് പുതിയതായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി ഏറ്റടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

## പശ്ചാത്തല മേഖലയിൽ തുടർ പ്രവർത്തനങ്ങൾ

ജൽജീവൻ മിഷൻ പ്രവർത്തികൾ മൂലം കേട്പാട് വന്നത് ഉൾപ്പെടെ പഞ്ചായത്തിന്റെ അധീനതതയിലുള്ള പ്രധാന ഗ്രാമീണ റോഡുകളെല്ലാം ഏറെക്കുറെ നിലവിൽ ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. ഇനിയും പ്രവർത്തി ചെയ്യാൻ അവശേഷിക്കുന്ന റോഡുകൾ കൂടി ഈ വർഷം പൂർത്തിയാക്കും ഇതോടെ പൂർണ്ണമായും ഗതാഗത യോഗ്യമായ റോഡുകളുള്ള നിലവാരത്തിലേക്ക് നമ്മുടെ പഞ്ചായത്തിനെ ഉയർത്താനാവും.ഇതോടൊപ്പം പുതിയ റോഡുകൾ കോൺക്രീറ്റ്/ഇന്റർലോക്ക്/ടാറിംഗ് പ്രവർത്തികൾ, കെട്ടിടങ്ങളുടെ നവീകരണം എന്നിവ ചെയ്യുന്നതിനുള്ള പദ്ധതി ഏറ്റെക്കും, മെയിന്റനൻസ് ആവശ്യമായ ചെറിയ റോഡുകൾ നവീകരിക്കുന്നതിനുള്ള പദ്ധതികളും ഏറ്റെടുക്കുന്നതാണ്.

| | | | |
|---|---|---|---|
| Budget 2026-27 | | | |
| | | | |
| SN | HEAD OF ACCOUNTS | 2025-2026 | 2026-2027 |
| | ഓപ്പണിങ് ബാലൻസ് | 49816825 | 55086690 |
| | വരുമാന രസീത് - 1 | | |
| | നികുതി വരുമാനം - 110 | | |
| 1 | 1100101 വസ്തു നികുതി | 9000000 | 10000000 |
| 2 | 1101001 തൊഴിൽ നികുതി - ജീവനക്കാർ | 1800000 | 2000000 |
| 3 | 1101002 തൊഴിൽ നികുതി - വ്യാപാരികൾ/ സ്ഥാപനങ്ങൾ | 800000 | 1000000 |
| | ആകെ നികുതി വരുമാനം | 11600000 | 13000000 |
| | ഫീസും ഉപയോക്തൃ നിരക്കുകളും - 140 | | |
| 4 | 1401001 സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽസ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ഫീ | 6000 | 50000 |
| 5 | 1401002 ട്യൂട്ടോറിയൽ കോളേജുകളുടെ രജിസ്ട്രേഷൻ ഫീ | 500 | 25000 |
| 6 | 1401101 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് ഫീ | 200000 | 300000 |
| 7 | 1401106 വളർത്തു നായ്ക്കൾക്കുള്ള ലൈസൻസ് ഫീസ് | 2000 | 5000 |
| 8 | 1401202 യന്ത്രം സ്ഥാപിക്കുന്നതിനുള്ള ഫീസ് | 2000 | 5000 |
| 9 | 1401205 ടെലികമ്മ്യൂണിക്കേഷൻ ടവർ സ്ഥാപിക്കുന്നതിനുള്ള ഫീസ് | 10000 | 20000 |
| 10 | 1401301 ജനന മരണ സർട്ടിഫിക്കറ്റുകൾക്കുള്ള ഫീസ് | 10000 | 0 |
| 11 | 1401302 ജനന മരണം താമസിച്ചുള്ള രജിസ്ട്രേഷനുള്ള ഫീസ് | 10000 | 20000 |
| 12 | 1401303 വിവാഹ സർട്ടിഫിക്കറ്റിനുള്ള ഫീസ് | 500 | 0 |
| 13 | 1401304 വിവാഹ രജിസ്ട്രേഷനുള്ള ഫീസ് | 30000 | 50000 |
| 14 | 1401305 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനുള്ള ഫീസ് | 500 | 1000 |
| 15 | 1401306 രജിസ്ട്രേഷനിലെ തിരുത്തലിനുള്ള ഫീസ് | 2500 | 5000 |
| 16 | 1401399 മറ്റ് സർട്ടിഫിക്കറ്റുകൾക്കും പകർപ്പുകൾക്കുമുള്ള ഫീസുകൾ | 1500 | 2500 |
| 17 | 1401401 വിവരാവകാശനിയമപ്രകാരമുള്ള ഫീസ് | 500 | 5000 |
| 18 | 1401701 ക്രമവൽക്കരണ ഫീസ് | 1200000 | 1500000 |
| 19 | 1401801 അപേക്ഷാ ഫീസ് | 200000 | 400000 |
| 20 | 1402001 പിഴപ്പലിശ | 315000 | 400000 |
| 21 | 1402003 മറ്റ് പിഴകളും ശിക്ഷകളും | 15000 | 25000 |
| 22 | 1402004 കോമ്പൗണ്ടിംഗ് ഫീ | 5000 | 10000 |

| | | | |
|---|---|---|---|
| 23 | 1402006 മാലിന്യം വലിച്ചെറിയുന്നതിനുള്ള പിഴ | 10000 | 20000 |
| 24 | 1404002 നോട്ടീസ് ഫീസ് | 1000 | 2000 |
| 25 | 1404004 ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള ഫീസ് -പിഴ | 100000 | 200000 |
| 26 | 1404008 താമസിച്ചുള്ള രജിസ്ട്രേഷൻ ഫീസ് | 15000 | 0 |
| 27 | 1404009 തിരച്ചിൽ ഫീസ് | 1000 | 2000 |
| 28 | 1404011 ലേറ്റ് ഫീ | 5000 | 0 |
| 29 | 1405008 ലൈബ്രറികളിൽ നിന്നുള്ള വരവ് | 8000 | 10000 |
| | ആകെ ഫീസും ഉപയോക്തൃ നിരക്കുകളും | 2151000 | 3057500 |
| | വിൽപ്പന, വാടക നിരക്കുകൾ - 150 | | |
| 30 | 1501101 ഫോമുകളുടെ വിൽപ്പനയിൽ നിന്നുള്ള വരവ് | 300000 | 0 |
| 31 | 1501102 ടെന്റർ ഫോമുകളുടെ വിൽപ്പനയിൽ നിന്നുള്ള വരവ് | 50000 | 50000 |
| 32 | 1501202 ആക്രി വിൽപ്പനയിൽ നിന്നുള്ള വരവ് | 50000 | 50000 |
| | ആകെ വിൽപ്പന, വാടക നിരക്കുകൾ | 400000 | 100000 |
| | റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ - 160 | | |
| 33 | 1601010 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ | 1905600 | 2364000 |
| 34 | 1601012 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - വിധവപെൻഷൻ | 23541300 | 32791000 |
| 35 | 1601013 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 1389800 | 1929200 |
| 36 | 1601014 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - ശാരീരിക മാനസിക ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 7222100 | 10216700 |
| 37 | 1601016 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 300000 |
| 38 | 1601018 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - വാർദ്ധക്യകാല പെൻഷൻ | 42125700 | 60723500 |
| 39 | 1601023 ജനറൽ പർപ്പസ് ഫണ്ട് | 23712000 | 27924000 |
| 40 | 1601080 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - സ്ത്രീസുരക്ഷാ പദ്ധതി | 4000000 | 24600000 |
| | ആകെ റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ | 104016500 | 160848400 |

| | | | |
|---|---|---|---|
| | പലിശ വരുമാനം - 171 | | |
| 41 | 1711001 ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പലിശ | 200000 | 300000 |
| | ആകെ പലിശ വരുമാനം | 200000 | 300000 |
| | വാടക വരുമാനം - എൽബി പ്രോപ്പർട്ടീസ് - 130 | | |
| 42 | 1301005 കോൺഫറൻസ് ഹാളിൽ നിന്നുള്ള വാടക | 20000 | 20000 |
| | ആകെ വാടക വരുമാനം | 20000 | 20000 |
| | ആകെ വരുമാന രസീത് | 118387500 | 177325900 |
| | മൂലധന രസീത് - 2 | | |
| | ഗ്രാന്റുകൾ, പ്രത്യേക ഉദ്ദേശ്യങ്ങൾക്കുള്ള സംഭാവനകൾ - 320 | | |
| 43 | 3201004 ധനകാര്യ കമ്മിഷൻ ഗ്രാന്റ് - ഉപാധിയോടുകൂടിയത് | 12005261 | 0 |
| 44 | 3201005 ധനകാര്യ കമ്മിഷൻ ഗ്രാന്റ് - ഉപാധിരഹിതം | 5543290 | 0 |
| 45 | 3201016 സംയോജിത ശിശു സംരക്ഷണ പദ്ധതി (ഐസിപിഎസ്) | 7673000 | 8000000 |
| 46 | 3201024 ദേശീയ ആരോഗ്യ ദൗത്യം | 450000 | 500000 |
| 47 | 3201027 സ്വച്ഛ് ഭാരത് മിഷൻ - ഗ്രാമീണം | 3276109 | 2000000 |
| 48 | 3201044 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 24939000 | 28500000 |
| 49 | 3201050 പ്രത്യേക പദ്ധതികൾക്കുള്ള ഗ്രാന്റുകളും വിഹിതങ്ങളും - കേന്ദ്രസർക്കാർ | 28400000 | 0 |
| 50 | 3201056 പ്രത്യേക ഗ്രാന്റുകൾ | 0 | 2000000 |
| 51 | 3202001 വികസനഫണ്ട് - ജനറൽ | 25504000 | 36775000 |
| 52 | 3202002 വികസനഫണ്ട് - പ്രത്യേക ഘടക പദ്ധതി | 9374000 | 10616000 |
| 53 | 3202009 മെയിന്റനൻസ് ഫണ്ട് - റോഡ് | 24125043 | 20299000 |
| 54 | 3202010 മെയിന്റനൻസ് ഫണ്ട് - റോഡിതരം | 6282000 | 6645000 |
| 55 | 3202021 പ്രത്യേക പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും- സംസ്ഥാനാവിഷ്കൃത പദ്ധതികളും വികസന ഫണ്ടും ഒഴികെ - ലൈഫ് മിഷൻ | 55706950 | 28000000 |
| 56 | 3202037 മറ്റ് റവന്യൂ ഗ്രാന്റുകൾ | 5592740 | 0 |
| 57 | 3208010 ഗുണഭോക്തൃ വിഹിതം | 0 | 1200000 |
| 58 | 3209001 സംയുക്ത പദ്ധതികൾക്കുള്ള വിഹിതം - ജില്ലാപഞ്ചായത്തിൽ നിന്ന് | 33559881 | 21327000 |
| 59 | 3209002 സംയുക്ത പദ്ധതികൾക്കുള്ള വിഹിതം - ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് | 0 | 12232881 |
| | ആകെ ഗ്രാന്റുകൾ, പ്രത്യേക ഉദ്ദേശ്യങ്ങൾക്കുള്ള സംഭാവനകൾ | 242431274 | 178094881 |
| | സുരക്ഷിത വായ്പകൾ - 330 | | |

| | | | |
|---|---|---|---|
| 60 | 3305004 ഹഡ്കോയിൽ നിന്നുള്ള വായ്പകൾ | 0 | 43000000 |
| | ആകെ സുരക്ഷിത വായ്പകൾ | 0 | 43000000 |
| | ലഭിച്ച നിക്ഷേപങ്ങൾ - 340 | | |
| 61 | 3408099 മറ്റ് നിക്ഷേപങ്ങൾ സ്വീകരിച്ചത് | 130000 | 0 |
| | ആകെ ലഭിച്ച നിക്ഷേപങ്ങൾ | 130000 | 0 |
| | മറ്റ് ബാധ്യതകൾ - 350 | | |
| 62 | 3501301 തൊഴിലുടമയുടെ ബാധ്യതകൾ - പെൻഷൻ കോൺട്രിബ്യൂഷൻ (എൻപിഎസ്) | 40760 | 0 |
| 63 | 3502001 വസൂലാക്കിയത് ഒടുക്കാനുള്ളവ - ജനറൽ പ്രോവിഡന്റ് ഫണ്ട് | 135000 | 0 |
| 64 | 3502002 വസൂലാക്കിയത് ഒടുക്കാനുള്ളവ - കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് | 100000 | 0 |
| 65 | 3502003 വസൂലാക്കിയത് ഒടുക്കാനുള്ളവ - മുനിസിപ്പാലിറ്റി റെഗുലർ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് | 10072 | 0 |
| 66 | 3502006 വസൂലാക്കിയത് ഒടുക്കാനുള്ളവ - ഇൻഷുറൻസ് പ്രീമിയം | 4120 | 0 |
| 67 | 3502012 വസൂലാക്കിയത് ഒടുക്കാനുള്ളവ - സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് | 19750 | 0 |
| 68 | 3502014 വസൂലാക്കിയത് ഒടുക്കാനുള്ളവ - ഗ്രൂപ്പ് ഇൻഷുറൻസ് | 15200 | 0 |
| 69 | 3502022 വസൂലാക്കിയത് ഒടുക്കാനുള്ളവ - മെഡിസെപ് - റെഗുലർ | 10000 | 0 |
| 70 | 3502024 വസൂലാക്കിയത് ഒടുക്കാനുള്ളവ - ജീവനക്കാരിൽ നിന്നുള്ള മറ്റ് റിക്കവറികൾ | 5340 | 0 |
| 71 | 3502028 വസൂലാക്കിയത് ഒടുക്കാനുള്ളവ - മറ്റ് റിക്കവറികൾ | 107930 | 0 |
| 72 | 3502035 വസൂലാക്കിയത് ഒടുക്കാനുള്ളവ - പി എഫ് ലോൺ തിരിച്ചടവ് - ജിപിഎഫ് | 15000 | 0 |
| | ആകെ മറ്റ് ബാധ്യതകൾ | 463172 | 0 |
| | റിഡെംപ്ഷൻ - 431 | | |
| 73 | 4315002 സർക്കാരിൽ നിന്നും കിട്ടുന്നത് (റിഡംപ്ഷൻ എമൗണ്ട്) | 43716255 | 0 |
| | ആകെ റിഡെംപ്ഷൻ | 43716255 | 0 |
| | വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ - 460 | | |
| 74 | 4601001 ജീവനക്കാർക്കുള്ള ഉത്സവ മുൻകൂറുകൾ | 68000 | 0 |
| | ആകെ വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ | 68000 | 0 |
| | ആകെ മൂലധന രസീത് | 286808701 | 221094881 |
| | റവന്യൂ ചെലവ് - 3 | | |
| | സ്ഥാപന ചെലവുകൾ - 210 | | |

| | | | |
|---|---|---|---|
| 75 | 2101001 ശമ്പളം - സെക്രട്ടറി | 1000000 | 1200000 |
| 76 | 2101003 ശമ്പളം - സ്ഥിരം ജീവനക്കാർ | 7000000 | 8000000 |
| 77 | 2101004 ശമ്പളം - കരാർ ജീവനക്കാർ | 2500000 | 1200000 |
| 78 | 2101005 ശമ്പളം - താൽക്കാലിക ജീവനക്കാർ | 800000 | 1500000 |
| 79 | 2101007 ശമ്പളം - പാർട്ട് ടൈം കണ്ടീജന്റ് ജീവനക്കാർ | 400000 | 600000 |
| 80 | 2101101 വേതനം | 600000 | 400000 |
| 81 | 2101201 ബോണസ് | 18000 | 50000 |
| 82 | 2101401 മാനവേതനം | 800000 | 200000 |
| 83 | 2102001 യാത്രാബത്തകൾ - സെക്രട്ടറി | 100000 | 100000 |
| 84 | 2102003 യാത്രാബത്തകൾ - സ്ഥിരജീവനക്കാർ | 400000 | 500000 |
| 85 | 2102004 യാത്രാബത്തകൾ - താൽക്കാലിക ജീവനക്കാർ | 100000 | 200000 |
| 86 | 2102005 യാത്രാബത്തകൾ - കണ്ടീജന്റ് ജീവനക്കാർ | 100000 | 0 |
| 87 | 2102014 മാനവേതനവും ഹാജർ ബത്തയും - കൗൺസിലർമാർ/ അംഗങ്ങൾ | 2000000 | 5000000 |
| 88 | 2102017 ഉത്സവബത്ത | 100000 | 250000 |
| 89 | 2102018 കണ്ണട അലവൻസ് | 10000 | 10000 |
| 90 | 2102019 അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ, സ്ഥിരം സമിതി അദ്ധ്യക്ഷർ, കൗൺസിലർമാർ/ അംഗങ്ങൾ എന്നിവരുടെ യാത്രാചെലവുകൾ | 500000 | 500000 |
| 91 | 2102020 ടെലഫോൺ അലവൻസ് - സെക്രട്ടറി | 0 | 5000 |
| 92 | 2102021 ടെലഫോൺ അലവൻസ് - മേയർ/ ചെയർപേഴ്സൺ/ പ്രസിഡന്റ് | 5000 | 5000 |
| 93 | 2102022 ടെലഫോൺ അലവൻസ് - ഡെപ്യൂട്ടി മേയർ/ വൈസ് ചെയർപേഴ്സൺ/ വൈസ് പ്രസിഡന്റ് | 5000 | 5000 |
| 94 | 2104001 ടെർമിനൽ ലീവ് സറണ്ടർ | 600000 | 600000 |
| 95 | 2105099 മറ്റ് എസ്റ്റാബ്ളിഷ്മെന്റ് ചിലവുകൾ | 0 | 100000 |
| | ആകെ സ്ഥാപന ചെലവുകൾ | 17038000 | 20425000 |
| | ഭരണപരമായ ചെലവുകൾ - 220 | | |
| 96 | 2201101 ആഫീസിലെ വൈദ്യുതി ചെലവുകൾ | 100000 | 100000 |
| 97 | 2201201 ടെലഫോൺ ചെലവുകൾ/ ഇന്റർനെറ്റ് ചാർജുകൾ | 100000 | 200000 |
| 98 | 2201202 തപാൽ ചെലവുകൾ | 9000 | 20000 |
| 99 | 2202001 പുസ്തകങ്ങളും ആനുകാലികങ്ങളും | 100000 | 100000 |
| 100 | 2202101 അച്ചടിയും സ്റ്റേഷനറികളും | 500000 | 700000 |
| 101 | 2204001 ഇൻഷുറൻസ് | 50000 | 50000 |
| 102 | 2205101 പലവക നിയമപരമായ ചെലവുകൾ | 100000 | 250000 |
| 103 | 2205201 വിദഗ്ദ്ധർക്കും മറ്റുമുള്ള ഫീസ് | 50000 | 100000 |
| 104 | 2206001 പത്രപ്പരസ്യത്തിനുള്ള ചെലവുകൾ | 50000 | 200000 |
| 105 | 2206002 കേരളോത്സവം ചെലവുകൾ | 30000 | 0 |

| | | | |
|---|---|---|---|
| 106 | 2206101 അംഗത്വവും വരിസംഖ്യയും | 50000 | 100000 |
| 107 | 2208005 സർക്കാർ ഉത്തരവ് പ്രകാരമുള്ള സംഭാവനകളും വിഹിതങ്ങളും | 150000 | 200000 |
| 108 | 2208006 അനധികൃത ബോർഡുകളും ബാനറുകളും മറ്റും നീക്കം ചെയ്യുന്നതിനുള്ള ചെലവ് | 0 | 100000 |
| 109 | 2208099 മറ്റ് ഭരണനിർവ്വഹണ ചെലവുകൾ | 500000 | 500000 |
| | ആകെ ഭരണപരമായ ചെലവുകൾ | 1789000 | 2620000 |
| | പ്രവർത്തനവും പരിപാലനവും - 230 | | |
| 110 | 2301001 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജുകൾ | 1200000 | 1200000 |
| 111 | 2301002 ഇന്ധനചെലവുകൾ | 300000 | 250000 |
| 112 | 2301003 തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മറ്റ് കെട്ടിടങ്ങളുടെ വൈദ്യുതി ചാർജ് | 50000 | 50000 |
| 113 | 2304001 വാഹനങ്ങളുടെ വാടക | 25000 | 50000 |
| 114 | 2305001 സംരക്ഷണവും പരിപാലനവും - റോഡുകളും നടപ്പാതകളും | 100000 | 100000 |
| 115 | 2305105 സംരക്ഷണവും പരിപാലനവും - പാർക്കുകളും പൂന്തോട്ടങ്ങളും | 50000 | 0 |
| 116 | 2305201 സംരക്ഷണവും പരിപാലനവും - കെട്ടിടങ്ങൾ | 50000 | 100000 |
| 117 | 2305301 സംരക്ഷണവും പരിപാലനവും - വാഹനങ്ങൾ | 200000 | 500000 |
| 118 | 2305902 സംരക്ഷണവും പരിപാലനവും - ഓഫീസ് ഉപകരണങ്ങൾ | 50000 | 200000 |
| 119 | 2308010 അസാധാരണ ചെലവുകൾ | 100000 | 200000 |
| 120 | 2308013 ശുചിത്വ ചെലവുകൾ | 0 | 100000 |
| 121 | 2308201 ലഘുഭക്ഷണ ചെലവുകൾ | 150000 | 200000 |
| | ആകെ പ്രവർത്തനവും പരിപാലനവും | 2275000 | 2950000 |
| | പ്രോഗ്രാം ചെലവുകൾ - 250 | | |
| 122 | 2501001 ഇലക്ഷൻ ചെലവുകൾ | 550000 | 50000 |
| 123 | 2502001 ദാരിദ്ര്യനിവാരണ പദ്ധതിയിന്മേലുള്ള ചെലവുകൾ | 24939000 | 28500000 |
| | ആകെ പ്രോഗ്രാം ചെലവുകൾ | 25489000 | 28550000 |
| | ഉൽപാദന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ - 251 | | |
| 124 | 2510101 കൃഷി - നെല്ല് | 4349208 | 0 |
| 125 | 2510102 കൃഷി - തേങ്ങ | 1018393 | 0 |
| 126 | 2510104 കൃഷി - പച്ചക്കറികൾ | 490000 | 0 |
| 127 | 2510105 കൃഷി - വാഴ | 257250 | 0 |
| 128 | 2510107 കൃഷി - പഴങ്ങളും അതിന്റെ മരങ്ങളും | 990900 | 0 |
| 129 | 2510110 കൃഷി - പുഷ്പകൃഷി | 58333 | 0 |
| 130 | 2510205 മൃഗസംരക്ഷണം - കോഴി വളർത്തൽ | 1019200 | 0 |

| | | | |
|---|---|---|---|
| 131 | 2510209 മൃഗസംരക്ഷണം - പശ്ചാത്തല സൗകര്യങ്ങൾ | 250000 | 0 |
| 132 | 2510210 മൃഗസംരക്ഷണം - രോഗ നിയന്ത്രണം | 60000 | 0 |
| 133 | 2510305 ക്ഷീരവികസനം - പാൽ ഇൻസെന്റീവ് | 350000 | 0 |
| 134 | 2510802 ജലസംരക്ഷണം | 600000 | 0 |
| | ആകെ ഉൽപാദന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ | 9443284 | 0 |
| | സേവന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ - 252 | | |
| 135 | 2520102 പ്രൈമറി വിദ്യാഭ്യാസം | 20000 | 0 |
| 136 | 2520107 വിദ്യാഭ്യാസം - അനുബന്ധ പ്രവർത്തനങ്ങൾ | 1625520 | 0 |
| 137 | 2520111 എസ് എസ് എ ക്കുള്ള വിഹിതം | 700000 | 0 |
| 138 | 2520202 സാക്ഷരതാ തുല്യതാ പരീക്ഷ | 101250 | 0 |
| 139 | 2520301 വായനാമുറികൾ, ലൈബ്രറികൾ - ഭൗതീക സൗകര്യങ്ങൾ | 498000 | 0 |
| 140 | 2520502 കല, സംസ്കാരം, സ്പോർട്സ്, യുവജനക്ഷേമം - ഭൗതീക സൗകര്യങ്ങൾ | 269239 | 0 |
| 141 | 2520503 കല, സംസ്കാരം, സ്പോർട്സ്, യുവജനക്ഷേമം - പ്രമോഷൻ | 350000 | 0 |
| 142 | 2520602 ആരോഗ്യ അനുബന്ധ പ്രവർത്തനങ്ങൾ | 3225000 | 0 |
| 143 | 2520618 ആരോഗ്യ സ്ഥാപനങ്ങൾ - അലോപ്പതി | 5507447 | 0 |
| 144 | 2520619 ആരോഗ്യ സ്ഥാപനങ്ങൾ - ആയുർവേദം | 2500000 | 0 |
| 145 | 2520620 ആരോഗ്യ സ്ഥാപനങ്ങൾ - ഹോമിയോ | 200000 | 0 |
| 146 | 2520702 കുടിവെള്ളം - പൊതു | 5266159 | 0 |
| 147 | 2520801 ഭവനനിർമ്മാണവും വീട് വൈദ്യുതീകരണവും - വ്യക്തിഗതം | 128362582 | 0 |
| 148 | 2520903 സ്ത്രീകളുടെ ക്ഷേമം | 1477720 | 0 |
| 149 | 2520905 അഗതികൾക്കുള്ള ക്ഷേമപരിപാടികൾ | 100000 | 0 |
| 150 | 2520906 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ക്ഷേമ പരിപാടികൾ | 2947600 | 0 |
| 151 | 2520908 സാമൂഹ്യ സുരക്ഷാ പരിപാടികൾ | 665000 | 0 |
| 152 | 2521001 അംഗൻവാടി പോഷകാഹാരം | 5093723 | 0 |
| 153 | 2521402 വൈദ്യുതി ലൈൻ - ട്രാൻസ്ഫോർമർ- വോൾട്ടേജ് വർദ്ധിപ്പിക്കൽ | 350000 | 0 |
| 154 | 2521501 വിനോദ സഞ്ചാരം - ഭൗതിക സൗകര്യങ്ങൾ | 6850000 | 0 |

| | | | |
|---|---|---|---|
| 155 | 2521601 തദ്ദേശഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ മെച്ചപ്പെടുത്തൽ | 480058 | 0 |
| 156 | 2521602 ഐകെഎമ്മിനുള്ള പേയ്മെന്റുകൾ | 200000 | 0 |
| 157 | 2521701 ഘടകസ്ഥാപനങ്ങളിലെ സേവനങ്ങൾ മെച്ചപ്പെടുത്തൽ | 350000 | 0 |
| 158 | 2521902 ശുചിത്വവും മാലിന്യ പരിപാലനവും - പൊതു | 300000 | 0 |
| 159 | 2521904 ശൗചാലയം (വ്യക്തിഗതം) | 1134000 | 0 |
| 160 | 2522001 പദ്ധതി രൂപീകരണം, നിർവ്വഹണം, മേൽനോട്ടം | 550000 | 0 |
| 161 | 2522201 ദുരന്തനിവാരണം - അനുബന്ധ സേവനങ്ങൾ | 400000 | 0 |
| 162 | 2522203 വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ | 13629 | 0 |
| 163 | 2522305 ഖരമാലിന്യ പരിപാലനം - ശേഖരണവും പരിവഹണവും | 2929250 | 0 |
| 164 | 2522309 ഖരമാലിന്യ പരിപാലനം - അനുബന്ധ പ്രവർത്തനങ്ങൾ | 478459 | 0 |
| 165 | 2522310 ഖരമാലിന്യ പരിപാലനം - ഒഴിവാക്കൽ | 1819500 | 0 |
| 166 | 2522311 ഖരമാലിന്യ പരിപാലനം - സംയോജിത പദ്ധതികൾ | 525000 | 0 |
| 167 | 2522314 ഖരമാലിന്യ പരിപാലനം - പ്രോസസ്സിംഗ് - വ്യക്തിഗതം | 4223260 | 0 |
| | ആകെ സേവന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ | 179512396 | 0 |
| | അടിസ്ഥാന സൗകര്യ മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ - 253 | | |
| 168 | 2530101 തെരുവ് വിളക്കുകൾ | 910020 | 0 |
| 169 | 2530301 പൊതു കെട്ടിടങ്ങൾ - തദ്ദേശ ഭരണ ആഫീസ് കെട്ടിടം | 1200000 | 0 |
| 170 | 2530501 എഞ്ചിനീയറിംഗ് വിങ്ങിനുള്ള വാഹന വാടക | 450000 | 0 |
| | ആകെ അടിസ്ഥാന സൗകര്യ മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ | 2560020 | 0 |
| | സംസ്ഥാന സ്പോൺസർ ചെയ്ത പദ്ധതികളുമായി ബന്ധപ്പെട്ട ചെലവുകൾ - 254 | | |
| 171 | 2540102 ഭിന്നശേഷിക്കാരായ ആൾക്കാർക്കുള്ള വീടുകൾ നടത്തുന്ന സ്ഥാപനങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും ഉള്ള സഹായം | 7222100 | 0 |
| 172 | 2540103 മകളുടെ വിവാഹചെലവിന് വിധവകൾക്കുള്ള ധനസഹായം | 120000 | 0 |

| | | | |
|---|---|---|---|
| 173 | 2540111 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ | 1905600 | 0 |
| 174 | 2540113 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - വിധവ പെൻഷൻ | 23541300 | 65582000 |
| 175 | 2540114 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1389800 | 1929200 |
| 176 | 2540115 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 0 | 10216700 |
| 177 | 2540117 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 0 | 300000 |
| 178 | 2540118 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - വാർദ്ധക്യകാല പെൻഷൻ | 42125700 | 60723500 |
| 179 | 2540138 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - സ്ത്രീസുരക്ഷാ പദ്ധതി | 4000000 | 24600000 |
| | ആകെ സംസ്ഥാന സ്പോൺസർ ചെയ്ത പദ്ധതികളുമായി ബന്ധപ്പെട്ട ചെലവുകൾ | 80304500 | 163351400 |
| | ആകെ റവന്യൂ ചെലവ് | 318411200 | 217896400 |
| | മൂലധനച്ചെലവ് - 4 | | |
| | നിക്ഷേപങ്ങളുടെ റീഫണ്ട് - 340 | | |
| 180 | 3401003 പിടിച്ചു വച്ച തുക | 50000 | 0 |
| | ആകെ നിക്ഷേപങ്ങളുടെ റീഫണ്ട് | 50000 | 0 |
| | തിരിച്ചടവുകളുടെ പേയ്മെന്റ് - 350 | | |
| 181 | 3501102 മൊത്തശമ്പളം നൽകാനുള്ളത് | 500000 | 0 |
| 182 | 3501104 പ്രോവിഡന്റ് ഫണ്ട് ലോൺ നൽകാനുള്ളത് | 50000 | 0 |
| 183 | 3501106 സെൻട്രൽ പെൻഷൻഫണ്ടിലേക്ക് നൽകാനുള്ള വിഹിതം | 5340 | 0 |
| 184 | 3501116 പെൻഷൻ കോ ൺ ട്രിബ്യൂഷൻ അടക്കാനുള്ളത് | 390960 | 500000 |
| 185 | 3501301 തൊഴിലുടമയുടെ ബാധ്യതകൾ - പെൻഷൻ കോൺട്രിബ്യൂഷൻ (എൻപിഎസ്) | 311104 | 400000 |
| 186 | 3502001 വസൂലാക്കിയത് ഒടുക്കാനുള്ളവ - ജനറൽ പ്രോവിഡന്റ് ഫണ്ട് | 50000 | 0 |

| | | | |
|---|---|---|---|
| 187 | 3502002 വസൂലാക്കിയത് ഒടുക്കാനുള്ളവ - കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് | 43084 | 0 |
| 188 | 3502003 വസൂലാക്കിയത് ഒടുക്കാനുള്ളവ - മുനിസിപ്പാലിറ്റി റെഗുലർ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് | 5036 | 0 |
| 189 | 3502006 വസൂലാക്കിയത് ഒടുക്കാനുള്ളവ - ഇൻഷുറൻസ് പ്രീമിയം | 2060 | 0 |
| 190 | 3502012 വസൂലാക്കിയത് ഒടുക്കാനുള്ളവ - സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് | 9200 | 0 |
| 191 | 3502014 വസൂലാക്കിയത് ഒടുക്കാനുള്ളവ - ഗ്രൂപ്പ് ഇൻഷുറൻസ് | 7100 | 0 |
| 192 | 3502018 വസൂലാക്കിയത് ഒടുക്കാനുള്ളവ - ആഡിറ്റ് റിക്കവറി | 200000 | 0 |
| 193 | 3502020 വസൂലാക്കിയത് ഒടുക്കാനുള്ളവ - കോൺട്രിബ്യൂട്ടറി പെൻഷൻ | 11104 | 0 |
| 194 | 3502022 വസൂലാക്കിയത് ഒടുക്കാനുള്ളവ - മെഡിസെപ് - റെഗുലർ | 4500 | 0 |
| 195 | 3503001 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട തുക – ലൈബ്രറി സെസ് | 900000 | 0 |
| 196 | 3504010 കൊടുക്കാനുള്ള തിരിച്ചടവുകൾ - മറ്റ് ഫീസുകൾ | 300000 | 0 |
| 197 | 3504099 കൊടുക്കാനുള്ള തിരിച്ചടവുകൾ - മറ്റുള്ളവ | 28000 | 100000 |
| | ആകെ തിരിച്ചടവുകളുടെ പേയ്മെന്റ് | 2817488 | 1000000 |
| | സ്ഥിര ആസ്തികൾ - 410 | | |
| 198 | 4101002 ഗ്രൗണ്ടുകൾ | 1880950 | 0 |
| 199 | 4102002 അഡ്മിനിസ്ട്രേറ്റിവ് ബിൽഡിംഗ്സ് | 3330000 | 0 |
| 200 | 4102005 ആശുപത്രി കെട്ടിടങ്ങൾ | 1400000 | 0 |
| 201 | 4102016 മറ്റ് കെട്ടിടങ്ങൾ | 1763057 | 0 |
| 202 | 4102018 സ്റ്റേഡിയം | 1100000 | 0 |
| 203 | 4102019 ഫ്രീ സ്റ്റൈൽ ഓപ്പൺ ജിം | 490000 | 0 |
| 204 | 4103001 കോൺക്രീറ്റ് റോഡുകൾ | 28931051 | 0 |
| 205 | 4103002 ബ്ലാക്ക് ടോപ്പ്ഡ് റോഡുകൾ | 12993208 | 0 |
| 206 | 4103003 ഇന്റർലോക്ക്ഡ് റോഡുകൾ | 10873309 | 0 |
| 207 | 4103008 പാലങ്ങൾ | 4534829 | 0 |
| 208 | 4103012 സൈഡ് വാൾ | 1113304 | 0 |
| 209 | 4103102 ഓടകൾ | 1022067 | 0 |
| 210 | 4103302 തെരുവ് വിളക്ക് | 1250000 | 0 |
| 211 | 4105001 വാഹനങ്ങൾ | 1600000 | 0 |
| 212 | 4106001 ആഫീസിലെയും മറ്റുമുള്ള ഉപകരണങ്ങൾ | 100000 | 0 |
| 213 | 4106002 കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ മറ്റ് ഉപകരണങ്ങൾ | 374597 | 0 |

| | | | |
|---|---|---|---|
| 214 | 4107001 ഫർണീച്ചർ, ഉറപ്പിച്ചിരിക്കുന്നവ, ഫിറ്റിംഗ്സ്, ഇലക്ട്രിക്കൽ ഉപകരണങ്ങൾ | 1434014 | 0 |
| 215 | 4108001 മറ്റ് സ്ഥിര ആസ്തികൾ | 3889262 | 0 |
| | ആകെ സ്ഥിര ആസ്തികൾ | 78079648 | 0 |
| | വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ - 460 | | |
| 216 | 4601001 ജീവനക്കാർക്കുള്ള ഉത്സവ മുൻകൂറുകൾ | 68000 | 300000 |
| 217 | 4605005 മഹാത്മാഗാന്ധി എൻആർഇജിഎസ്/ എയുഇജിഎസ് നുള്ള മുൻകൂറുകൾ | 2700000 | 1800000 |
| 218 | 4605099 മറ്റുള്ളവർക്കുള്ള മുൻകൂർ | 0 | 50000 |
| | ആകെ വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ | 2768000 | 2150000 |
| | ആകെ മൂലധനച്ചെലവ് | 83715136 | 3150000 |
| | ആകെ ചെലവ് | 402126336 | 221046400 |
| | ആകെ വരവ് | 405196201 | 398420781 |
| | ബാലൻസ് | 52886690 | 232461071 |